# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5286

26.03.2018-ൽ മറുപടിക്ക്

**അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനം**

**ചോദ്യം**
**ശ്രീമതി പി. അയിഷാ പോറ്റി**

**ഉത്തരം**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനത്തിനുമേൽ എന്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(എ) കേന്ദ്ര സർക്കാരിന്റെ 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16.03.2016- ലെ CRMP No. 4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 - 19 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം 1585 സ്കൂളുകൾക്ക് അടച്ചു പൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുമുണ്ട്.

Hema.V

സെക്ഷൻ ഓഫീസർ